# 10th East Asia Summit Foreign Ministers' Meeting

September 09, 2020

---

## 10 മത് ഈസ്റ്റ് ഏഷ്യ ഉച്ചകോടി വിദേശമന്ത്രിമാരുടെ യോഗം

സെപ്റ്റംബർ 09, 2020

1. 2020 സെപ്റ്റംബർ 9 ന് നടന്ന 10 മത് ഈസ്റ്റ് ഏഷ്യ ഉച്ചകോടി വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ (10 മത് EAS FMM) വിദേശ കാര്യ സഹമന്ത്രി ശ്രീ വി മുരളീധരൻ പങ്കെടുത്തു. യോഗം വിർച്വലായാണ് നടന്നത്.

2. EAS അംഗത്വ രാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാർ എല്ലാവരും തന്നെ യോഗത്തിൽ പങ്കെടുത്തു. ഇതിൽ വിയറ്റ്നാം സോഷ്യൽ റിപ്പബ്ലിക് ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ ശ്രീ. ഫം ബിൻ മിൻഹ് അധ്യക്ഷത വഹിച്ചു.

3. നേതാക്കളുടെ നേതൃത്വത്തിൽ ഉള്ള EAS പ്ലാറ്റ് ഫോം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള വഴികളും, ഉയർന്നു വരുന്ന വെല്ലുവിളികളിൽ, 15 മത് വാർഷികത്തോടനുബന്ധിച്ച് കൂടുതൽ ഉത്തരവാദിത്വപരമായി പെരുമാറുന്നതിനുമുള്ള രീതികളും യോഗത്തിൽ ചർച്ച ചെയ്തു. കോവിഡ്-19 ഉൾപ്പടെ നിലവിലുള്ള പ്രാദേശികവും അന്താരാഷ്ട്രീയവുമായ സംഭവവികാസങ്ങളെ കുറിച്ചുള്ള അഭിപ്രായങ്ങളും വേഗത്തിലുള്ളതും സ്ഥിരതയുള്ളതുമായ പരിഹാരത്തിനായുള്ള സഹകരണമാർഗങ്ങളും മന്ത്രിമാർ പങ്കുവയ്ച്ചു. EAS ഘടനയ്ക്ക് കീഴിൽ പങ്കെടുക്കുന്ന രാജ്യങ്ങളുടെ പ്രതിബദ്ധത നിലവാരം യോഗത്തിൽ വിലയിരുത്തി കൂടാതെ EAS നേതാക്കൾ 2012 ൽ തിരഞ്ഞെടുത്ത EAS വികസ സംരംഭത്തിലെ നോം പെൻ പ്രഖ്യാപനം നടപ്പിലാക്കുന്നതിനുള്ള മനില പ്രവർത്തന പദ്ധതിയുടെ(2018-2022) പുരോഗതിയും അവലോകനം ചെയ്തു.2020 നവംബറിൽ ക്രമീകരിച്ചിട്ടുള്ള 15 മത് EAS ഉച്ചകോടിയുടെ തയ്യാറെടുപ്പുകളും ചർച്ച ചെയ്തു.

4. തന്റെ പരാമർശത്തിൽ, COVID-19 പകർച്ചവ്യാധിമൂലം ബുദ്ധിമുട്ടും അനിശ്ചിതത്വവും നിറഞ്ഞ സമയങ്ങളിൽ ഒരു 'ഏകീകൃതവും ഉത്തരവാദിത്തമുള്ളതുമായ ASEAN എന്ന നിലയിൽ പ്രവർത്തിച്ചതിൽ, ASEAN അധ്യക്ഷൻ കൂടിയായ വിയറ്റ്നാമിന്റെ പരിശ്രമങ്ങളെ വിദേശകാര്യസഹമന്ത്രി അഭിനന്ദിച്ചു.ഇൻഡോ പസഫിക് മേഖലയിലെ നേതൃഭാഗം എന്ന നിലയിൽ EAS വഹിക്കുന്ന പ്രധാന ചുമതല അദ്ദേഹം ചൂണ്ടികാണിച്ചു കൂടാതെ ഇത് കൂടുതൽ ദൃഢതയും ചുമതലാബോധവുമുള്ളതായി മാറുന്നതിനു ഇന്ത്യയുടെ പിന്തുണ ആവർത്തിച്ചു അറിയിക്കുകയും ചെയ്തു.

**ന്യൂ ഡൽഹി**
**09 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.